**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്**

നം.21945/ഡി.സി.1/2011/തസ്വഭവ തിരുവനന്തപുരം, തീയതി:16.04.2011

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – ഖരമാലിന്യ പരിപാലന പ്രോജക്ടുകൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവഹണം നടത്തുന്നത്-സംബന്ധിച്ച്

സൂചന:- 1) സ.ഉ.(സാധാ) നം.2334//2001/തസ്വഭവ; തീയതി 16.07.2001
2) സ.ഉ.(സാധാ) നം.3081/2003/തസ്വഭവ; തീയതി 25.08.2003
3) സ.ഉ.(എം.എസ്) 133/2007/തസ്വഭവ;തീയതി 18.05.2007
4) സ.ഉ.(സാധാ) നം.707/2010/തസ്വഭവ; തീയതി 02.03.2010
5) സ.ഉ.(സാധാ) നം.2674/2010/തസ്വഭവ; തീയതി 11.08.2010
6) സ.ഉ. (എം.എസ്) നം.73/2011/തസ്വഭവ; തീയതി 01.03.2011

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സേവന ദാതാക്കളുടെ പട്ടിക പുതുക്കി നിശ്ചയിച്ചുകൊണ്ടും ഇത്തരം സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ടും സൂചന 5 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ ഖരമാലിന്യ പരിപാലന പ്രോജക്ടുകളുടെ നിർവഹണം നടത്താവുന്ന അക്രഡിറ്റഡ് ഏജൻസികളായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (പാലക്കാട്), സെന്റർ ഫോർ എൻവിയോൺമെന്റ് & ഡെവലപ്മെന്റ് (തിരുവനന്തുപുരം) മുതലായ സ്ഥാപനങ്ങളുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഈ മേഖലയിലെ അക്രഡിറ്റഡ് ഏജൻസികളെ ഖരമാലന്യ പരിപാലന പ്രോജക്ടുകളുടെ നിർവഹണം ഏൽപ്പിക്കാമോയെന്ന കാര്യത്തിൽ സംശയം ഉന്നയിക്കപ്പെടുന്നതായി സർക്കാരന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ചുവടെ വിവരിക്കുന്ന സ്പഷ്ടീകരണം നൽകുന്നു.

2. ഖരമാലിന്യ പരിപാലന പ്രോജക്ടുകളുടെ നിർവഹണം നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികളായി സർക്കാർ അംഗീകാരം നൽകിയിട്ടുള്ള ഏജൻസികളെ ഇത്തരം പ്രോജക്ടുകളുടെ നിർവഹണവും പരിപാലനച്ചുമതലയും ഏൽപ്പിക്കാവുന്നതാണ്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നതിന് സൂചന 3, 6 എന്നിവയിലെ മാർഗനിർദ്ദേശങ്ങൾ ബാധകമായിരിക്കും. പെയ്മെന്റ് നൽകുവാൻ, സൂചന 3-ലെ ഉത്തരവിന്റെ ഖണ്ഡിക 11 പ്രകാരം നിശ്ചയിച്ചിട്ടുള്ള പണം മുൻകൂർ നൽകുന്ന രീതിയോ അല്ലെങ്കിൽ സൂചന 6-ലെ ഉത്തരവിന്റെ ഖണ്ഡിക 5-ൽ വിവരിച്ചിട്ടുള്ള രീതിയോ ഏജൻസിയുടെ താല്പര്യ പ്രകാരം അവലംബിക്കാവുന്നതാണ്.

3. സൂചന 5 പ്രകാരം അംഗീകരിച്ചിട്ടുള്ള സേവന ദാതാക്കളെ സംബന്ധിച്ചിടത്തോളം പ്രവൃത്തികൾ നടപ്പാക്കുന്നതിനും പരിപാലനം നടത്തുന്നതിനും സൂചന 5, 6 എന്നിവയിലെ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സേവന ദാതാക്കൾക്ക് പണം മുൻകൂർ നൽകുന്നത് അനുവദനീയമല്ല. പെയ്മെന്റ് നൽകുവാൻ സൂചന 6-ലെ ഉത്തരവിന്റെ ഖണ്ഡിക 5 പ്രകാരമുള്ള നടപടിക്രമങ്ങൾ അവലംബിക്കേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
12 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
13 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
14 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
16 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
17 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
18 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
19 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
21 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
23 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
25 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
28 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
29 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
30 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്